**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 26** **23-01-2025 - ൽ മറുപടിയ്ക്ക്**

**റേഷൻവ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻവ്യാപാരികളുടെ വേതന പാക്കേജുകളായ കമ്മീഷൻ, ഇൻസെന്റീവ് എന്നിവ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് പരിഷ്കരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട തലത്തിൽ ചർച്ചകൾ നടന്നുവരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് കൊണ്ട് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |
| (ബി) | എൻ.എഫ്.എസ്സ്.എ. ഗോഡൗൺ, മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ ലഭിക്കുന്നതുപോലെ റേഷൻവ്യാപാരികൾക്കും ലീക്കേജ്, ഷോർട്ടേജ് എന്നിവ നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | (ബി) | റേഷൻ വ്യാപാരികൾക്ക് ലീക്കേജ്, ഷോർട്ടേജ്, (കൈകാര്യ കിഴിവ്) നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (സി) | റേഷൻ വ്യാപാരികളുടെ ക്ഷേമനിധി കാര്യക്ഷമമായി പുനരുദ്ധരിക്കാൻ സർക്കാർസഹായവും മുടക്കുമുതലിന് പലിശരഹിതവായ്പയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | (സി) | 1998 ലെ കേരള റേഷൻ വ്യാപാരി ക്ഷേമനിധി നിയമം ഭേദഗതി ചെയ്തുകൊണ്ട് ക്ഷേമനിധിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ഡി) | റേഷൻവ്യാപാരികളുടെ വേതനം അതാത് മാസം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | റേഷൻ വ്യാപാരികളുടെ അതാത് മാസങ്ങളിലെ വേതനം റേഷൻ വിതരണം പൂർത്തീകരിച്ച് തൊട്ട് അടുത്ത ആഴ്ചയിൽ തന്നെ നൽകുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ സാമ്പത്തിക ലഭ്യതക്കനുസരിച്ച് ചില മാസങ്ങളിൽ വകുപ്പ് നിശ്ചയിച്ച പ്രകാരമുള്ള സമയ പരിധിക്ക് ഉള്ളിൽ വേതനം നൽകുവാൻ കഴിയാതെ വന്നിട്ടുണ്ട്. |
| (ഇ) | റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്ന കരാറുകാർക്കുള്ള കുടിശിക 100 കോടി രൂപ കവിഞ്ഞതിനെത്തുടർന്ന് സാധനങ്ങൾ എത്താത്തതുമൂലം കടകൾ കാലിയാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ | (ഇ) | റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടത്തുന്ന കരാറുകാരുടെ നിസ്സഹരണം മൂലം സംസ്ഥാനത്തെ ചില റേഷൻ കടകളിൽ എങ്കിലും റേഷൻ സാധനങ്ങൾ എത്തിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ റേഷൻ കടകളിൽ നിലവിൽ |

| | | | |
|---|---|---|---|
| | ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ? | | ഉള്ള ബഫർ സ്റ്റോക്ക് ഉപയോഗിച്ചും, E - pos ലൂടെ കോമ്പിനേഷൻ ബില്ലിംഗ് സമ്പ്രദായം അനുവദിച്ചും റേഷൻ വിതരണ തീയതി നീട്ടി നൽകിയും ഭക്ഷ്യ ധാന്യങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ